കുറ്റ്യേരി ഹരിതം പുരുഷ സ്വാശ്രയ സംഘത്തിന്റെ നേതൃത്വത്തിൽ തരിശുപാടം കൃഷിയോഗ്യമാക്കുന്നതിന്റെ ഉദ്ഘാടനം പരിയാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എ. രാജേഷ് നിർവഹിക്കുന്നു

തരിശുപാടം കൃഷിയോഗ്യമാക്കി

കുറ്റ്യേരി: വർഷങ്ങളായി തരിശായി കിടക്കുന്ന പാടം കുറ്റ്യേരി ഹരിതം പുരുഷ സ്വാശ്രയ സംഘത്തിന്റെ നേതൃത്വത്തിൽ കൃഷി യോഗ്യമാക്കുന്നതിന്റെ ഉദ്ഘാടനം പരിയാരം ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എ. രാജേഷ് നിർവഹിച്ചു. വാർഡ് മെമ്പർ എം. പ്രകാശിനി അധ്യക്ഷത വഹിച്ചു. കൃഷി ഓഫീസർ എം. ഗംഗാധരൻ, പി.വി. മനോഹരൻ, സി. ജയരാജൻ, വി. രാധാകൃഷ്ണൻ, ഇ. രാജേഷ് സംസാരിച്ചു.

കെ. കരുണാകരൻ അനുസ്മരണം നാളെ

കണ്ണൂർ: കെ. കരുണാകരന്റെ ജന്മശതാബ്ദി യോടനുബന്ധിച്ച് കെ കരുണാകരൻ സ്റ്റഡി സർക്കിൾ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നാളെ വൈകുന്നേരം 3.30 ന് കണ്ണൂർ ജവഹർ ലൈബ്രറി ഹാളിൽ അനുസ്മരണ സമ്മേളനം സംഘടിപ്പിക്കും. മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ ആര്യാടൻ മുഹമ്മദ് ഉദ്ഘാടനം ചെയ്യുമെന്ന് സ്റ്റഡി സർക്കിൾ ജില്ലാ ചെയർമാൻ അഡ്വ.സ ജീവ് ജോസഫ് അറിയിച്ചു. ചടങ്ങിൽ സംസ്ഥാന - ജില്ലാ നേതാക്കൾ സംബന്ധിക്കും.

പുഴ സംരക്ഷണം: ഉദ്ഘാടനം നാളെ

തടിക്കടവ്: ചപ്പാരപ്പടവ് പഞ്ചായത്ത് ബി.ആർ.സിയുടെയും തടിക്കടവ് ഗവ. ഹൈസ്കൂൾ പരിസ്ഥിതി ക്ലബിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പുഴ സംരക്ഷണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നാളെ വൈകുന്നേരം മൂന്ന് മണിക്ക് തടിക്കടവിൽ പഞ്ചായത്ത് പ്രസിഡണ്ട് എം. മൈമൂനത്ത് നിർവഹിക്കും.

സൗജന്യ പരിശീലനം നൽകും

തളിപ്പറമ്പ: തളിപ്പറമ്പ നഗരസഭയിലെ ഒരുലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള യുവതീ യുവാക്കൾക്ക് പരിശീലനം നൽകി ജോലി ലഭ്യമാക്കുന്ന പരിപാടിയുടെ 2018-19 വർഷത്തേക്കുള്ള പുതിയ കോഴ്സുകളിൽ 18നും 35നുമിടയിലുള്ളവർക്ക് അവസരം. നഗരസഭ, കുടുംബശ്രീ, എൻ.യു.എൽ.എം എന്നിവ സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയുടെ കീഴിലുള്ള കോഴ്സുകൾ സംസ്ഥാനത്തെ വിവിധ പരിശീലന കേന്ദ്രങ്ങളിലായാണ് നടക്കുക. ആയുർവേദ സ്പാ തെറാപ്പി, അക്കൗണ്ടിംഗ്, ടിക്കറ്റിങ് കൺസൽട്ടന്റ്, എ.സി. ടെക്നിഷ്യൻ, സി.എൻ.സി ഓപ്പറേറ്റർ, ഫിറ്റർ മെക്കാനിക്കൽ അസംബ്ലി, കാർ സർവീസിങ്, ടൂവീലർ സർവ്വീസിങ്, ഷീറ്റ് മെറ്റൽവർക്ക്, ആർക്ക് ഗ്യാസ് വെൽഡർ, മൾട്ടി കസിൻ കുക്ക്, സർവേയർ, അസിസ്റ്റന്റ് ഫിസിയോതെറാപിസ്റ്റ്, നഴ്സിംഗ് അസിസ്റ്റന്റ്, അസിസ്റ്റന്റ് ഇലക്ട്രിഷ്യൻ തുടങ്ങിയ വിഷയങ്ങളിലാണ് കോഴ്സുകൾ. പരിശീലന ഫീസ്, താമസം ഭക്ഷണമുൾപ്പെടെയുള്ള ഹോസ്റ്റൽ സൗകര്യം സൗജന്യമാണ്. താൽപ്പര്യമുള്ളവർ ആറിന് രാവിലെ 10.30ന് നഗരസഭയിലെ കുടുംബശ്രീ സി.ഡി.എസ് ഓഫീസിൽ നടക്കുന്ന യോഗത്തിൽ പങ്കെടുത്ത് കോഴ്സുകൾ തിരഞ്ഞെടുക്കണം. ഫോൺ: 9946913111, 9961038372.

അധ്യാപക ഒഴിവ്

ശ്രീകണ്ഠപുരം: ചൂഴലി ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ സാമൂഹ്യശാസ്ത്രം താൽക്കാലിക അധ്യാപക ഒഴിവുണ്ട്. അഭിമുഖം നാളെ രാവിലെ 11 മണിക്ക്. ഫോൺ: 0460 2260060, 2262233.

യൂത്ത്ലീഗ് തളിപ്പറമ്പ മുനിസിപ്പൽ കമ്മിറ്റി ഐഡിയൽ യൂത്ത് കോറിന്റെ വൃക്ക രോഗ നിർണ്ണയ ക്യാമ്പ് യൂത്ത് ലീഗ് സംസ്ഥാന ഉപാധ്യക്ഷൻ പി.കെ സുബൈർ ഉൽഘാടനം ചെയ്യുന്നു

ഇന്റർവ്യൂ ആറിന്

കാർത്തികപുരം: കാർത്തികപുരം ഗവ. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ ഹൈസ്കൂൾ വിഭാഗത്തിൽ കായിക അധ്യാപകന്റെ താൽക്കാലിക ഒഴിവിലേയ്ക്കുള്ള ഇന്റർവ്യൂ ആറിന് രാവിലെ 11 മണിക്ക് സ്കൂൾ ഓഫീസിൽ നടക്കുമെന്ന് ഹെഡ്മിസ്ട്രസ് അറിയിച്ചു.

അറിയിപ്പ്

പന്നിയൂർ: പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രം 2014-15, 2016-17 വർഷങ്ങളിലെ കാഷ്യൽ തൊഴിലാളി നിയമനങ്ങളിലെ ലാത്തിൻ കത്തോലിക്ക/ ആംഗ്ലോ ഇന്ത്യൻ, ധീവര, മുസ്ലിം വിഭാഗങ്ങളിലെ എൻ.സി.എ ഒഴിവുകൾ (എൽ.സി./എ ഐ (സ്ത്രീ-1, പുരുഷൻ-1), ധീവര (പുരുഷൻ-1) മുസ്ലിം (പുരുഷൻ-1) എന്ന ക്രമത്തിൽ സംവരണ അടിസ്ഥാനത്തിൽ നികത്തുന്നതിനു വേണ്ടി അപേക്ഷകൾ ക്ഷണിച്ചു.

അപേക്ഷകർ ഫാം സ്ഥിതി ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്ത് / മുൻസിപ്പാലിറ്റി പരിധിക്കുള്ളിലോ ഫാമിൽ നിന്നും അഞ്ച് കിലോമീറ്റർ ദൂരപരിധിക്കുള്ളിൽ വരുന്ന പഞ്ചായത്തുകളിലോ, ബ്ലോക്ക് പഞ്ചായത്ത് / മുൻസിപ്പാലിറ്റി എന്നിവിടങ്ങളിലോ സ്ഥിരതാമസക്കാരായിരിക്കണം.

അപേക്ഷ ആറിന് വൈകീട്ട് അഞ്ച് മണിക്ക് മുമ്പ് നൽകണം. ഫോൺ: 0460 2227287.

തളിപ്പറമ്പ: ജൂലായ് മാസത്തെ തളിപ്പറമ്പ താലൂക്ക് വികസന സമിതി യോഗം ഏഴിന് രാവിലെ 10.30ന് താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരും.

വൃക്കരോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു

തളിപ്പറമ്പ: മുസ്ലിം യൂത്ത് ലീഗ് തളിപ്പറമ്പ മുനിസിപ്പൽ കമ്മിറ്റിയുടെ കീഴിലുള്ള ഐഡിയൽ യൂത്ത് കോർ (ഐ.വൈ.സി) മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്, ഇഖ്റ ഹോസ്പിറ്റൽ കോഴിക്കോട് എന്നിവയുടെ സഹകരണത്തോടെ നടത്തുന്ന വൃക്ക രോഗ നിർണ്ണയ ക്യാമ്പ് മുനിസിപ്പൽ പ്രസിഡന്റ് എൻ യു ഷഫീഖ് മാസ്റ്ററുടെ അധ്യക്ഷതയിൽ യൂത്ത് ലീഗ് സംസ്ഥാന ഉപാധ്യക്ഷൻ പി.കെ സുബൈർ ഉൽഘാടനം ചെയ്തു. ഐഡിയൽ യൂത്ത് കോർ ഉപദേശക സമിതി അംഗം അഡ്വ: എസ്. മമ്മു വിഷയാവതരണവും ഡോ. ഫാത്തിമ ബോധവൽകരണ ക്ലാസും നടത്തി. സി.പി.വി അബ്ദുള്ള, പി. മുഹമ്മദ്ഇക്ബാൽ, കോടിയിൽ സലീം, പി.പി മുഹമ്മദ് നിസാർ, പി.സി നസീർ, സി. ഉമ്മർ, ജാഫർ ഓലിയൻ, ഫൈസൽ ചെറുകുന്നോൻ, പി.എ.വി അബൂബക്കർ, സി.കെ.പി യൂനുസ് സംസാരിച്ചു. മുനിസിപ്പൽ സെക്രട്ടറി ഉസ്മാൻ കൊമ്മച്ചി സ്വാഗതവും കെ. മുഹമ്മദ്അഷ്റഫ് നന്ദിയും പറഞ്ഞു. ഹനീഫ മദ്രസ, അഷ്റഫ് ബപ്പു, കെ.പി. നൗഷാദ്, റഷീദ് പുളിമ്പറമ്പ, മുനീർ ജെന്റ്സ്, മുസ്തഫ കുറ്റിക്കോൽ ക്യാമ്പ് നിയന്ത്രിച്ചു. ക്യാമ്പ് നാളെ സമാപിക്കും.

സിറ്റി വൈസ്മെൻ ഭാരവാഹികൾ സ്ഥാനമേറ്റു

അനിൽകുമാർ (പ്രസിഡണ്ട്) | **രവിചന്ദ്രൻ** (സെക്രട്ടറി) | **പി.രാഘവൻ** (ട്രഷറർ)

തളിപ്പറമ്പ: തളിപ്പറമ്പ സിറ്റി വൈസ്മെൻ ക്ലബിന്റെ 2018-19 വർഷത്തെ ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങ് ഇന്റർനാഷണൽ കൗൺസിൽ അംഗം ടി.എം. ജോസ് ഉദ്ഘാടനം ചെയ്തു. ക്ലബ് പ്രസിഡണ്ട് അഡ്വ. എം.കെ. വേണുഗോപാൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി അനിൽകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. അനിൽകുമാർ പ്രസിഡണ്ടായുള്ള പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണം റീജണൽ ഡയറക്ടർ ടി.കെ. രമേഷ്കുമാർ നിർവഹിച്ചു. നിർധനരായ രണ്ട് വിദ്യാർത്ഥികളുടെ ഈവർഷത്തെ പഠന ചിലവിലേക്കുള്ള ധനസഹായം ഡിസ്ട്രിക്ട് ഗവർണ്ണർ കെ. എം. ഷാജി നിർവഹിച്ചു. നിർധന രോഗികൾക്കുള്ള അലോപ്പതി മരുന്നുകൾ കർണ്ണാടക മുൻ മന്ത്രിയും റിട്ട. കർണ്ണാടക ചീഫ് സെക്രട്ടറിയുമായ ഡോ. ജെ. അലക്സാണ്ടർ വിതരണം ചെയ്തു. പുതിയ അംഗങ്ങൾക്ക് ജോർജ് ജോസഫ് സത്യവാചകം ചൊല്ലിക്കൊടുത്തു. റീജണൽ സെക്രട്ടറി പി.പി. സുരേഷ്, റീജണൽ ട്രഷറർ അജിത് നമ്പ്യാർ, വൈസ്മെനറ്റ്സ് പ്രസിഡണ്ട് പ്രിയാ ഗോപാൽ, കെ.കെ. പീറ്റർ പ്രസംഗിച്ചു. പി.വി. രാമചന്ദ്രൻ നന്ദി പറഞ്ഞു.

തളിപ്പറമ്പ സിറ്റി വൈസ്മെൻ ക്ലബിന്റെ 2018-19 വർഷത്തെ ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങ് ഇന്റർനാഷണൽ കൗൺസിൽ അംഗം ടി.എം. ജോസ് ഉദ്ഘാടനം ചെയ്യുന്നു

ഏഴാംമൈൽ ദേശീയപാതയിലെ സി.ജെ.ബിൽഡ്വെയേർസിന്റെ പുതിയ ഷോറും

സി.ജെ. ബിൽഡ്വെയേർസിന്റെ പുതിയ ഷോറും തളിപ്പറമ്പിൽ ആരംഭിക്കുന്നു

തളിപ്പറമ്പ: 26 വർഷം മുമ്പ് ചിറ്റാരിക്കലിൽ എളിയ നിലയിൽ ആരംഭിച്ച സി.ജെ. ബിൽഡ്വെയേർസ് കാൽനൂറ്റാണ്ടിന്റെ വിജയകരമായ പ്രവർത്തനത്തിലേക്ക് കടക്കുമ്പോൾ താലൂക്ക് ആസ്ഥാനമായ തളിപ്പറമ്പിൽ പുതിയ ശാഖ തുറക്കുന്നു. ഏഴാംമൈൽ ദേശീയപാതയിൽ വിശാലമായ കെട്ടിടത്തിലാണ് പുതിയ ശാഖ ഉദ്ഘാടനം ചെയ്യുന്നത്. ഗുണനിലവാരമുള്ള ലോകോത്തര ബ്രാന്റുകളുടെ ടൈൽസ്, സാനിറ്ററി, പ്ലംബിംഗ് ഉൽപ്പന്നങ്ങളുടെ വിപണന രംഗത്ത് ഉത്തര കേരളത്തിന്റെ ജനമനസിൽ ഇടം നേടിയ സി.ജെ.ബിൽഡ്വെയേർസിന് ഇന്ന് ചെറുപുഴയിലും വെള്ളരിക്കുണ്ടിലും ഷോറൂമുകളുണ്ട്. പുതിയ ബ്രാന്റുകൾക്കൊപ്പം ആളുകളുടെ ആവശ്യകതക്കനുസരിച്ചുള്ള ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും വിൽപ്പനാനന്തര സേവനത്തിലും ഉപഭോക്താക്കളോട് പ്രതിജ്ഞാബദ്ധമാണ് സ്ഥാപനമെന്ന് മാനേജ്മെന്റ് അറിയിച്ചു. ഉത്തരമലബാറിൽ എമ്പാടും പ്രീമിയം ഉൽപ്പന്നങ്ങൾ കുറഞ്ഞ വിലക്ക് വിതരണം ചെയ്യാൻ സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്. 15,000 ചതുരശ്ര അടി ഷോറൂമിന് പുറമെ 40,000 ചതുരശ്ര അടി വെയർ ഹൗസും തളിപ്പറമ്പിൽ ഒരുക്കിയിട്ടുണ്ട്. ആധുനിക കാലത്തിന്റെ അഭിരുചിക്കനുസരിച്ച് രൂപപ്പെടുത്തിയ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളുടെ നീണ്ടനിരയാണ് തളിപ്പറമ്പിൽ ഉപഭോക്താക്കളെ കാത്തിരിക്കുന്നത്. അടുക്കള സങ്കല്പങ്ങളെ മാറ്റി മറിക്കുന്ന കിച്ചൺ ഉപകരണങ്ങൾ, സ്പാ വെൽനസ് പ്രൊഡക്ടുകൾ തുടങ്ങിയവയും ഇവിടെയുണ്ട്.

ആറിന് വെള്ളിയാഴ്ച രാവിലെ പത്ത് മണിക്ക് തളിപ്പറമ്പ് നഗരസഭ ചെയർമാൻ അള്ളാംകുളം മഹമ്മൂദ് ഉദ്ഘാടനവും വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡണ്ട് ദേവസ്യ മേച്ചേരി ആദ്യ വിൽപ്പനയും നിർവഹിക്കും. ഉദ്ഘാടനത്തോടനുബന്ധിച്ച് 60 ശതമാനം വരെ ഡിസ്കൗണ്ടും നൽകുന്നതാണെന്ന് സി.ജെ ഗ്രൂപ്പ് ചെയർമാൻ റോബിൻ സെബാസ്റ്റ്യൻ, മാനേജിംഗ് പാർട്ണർ ഷൈജു വെട്ടിക്കുളങ്ങര, പാർട്ണർ ബിനോയി മാട്ടേൽ എന്നിവർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9400324444, 9207777151 നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

പീടിക തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കണം

കണ്ണൂർ: ഷോപ്പ് ആന്റ് കമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽപ്പെട്ട പീടിക തൊഴിലാളികൾ, ഹോട്ടൽ തൊഴിലാളികൾ, വഴിയോര കച്ചവടക്കാർ തുടങ്ങിയ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് കണ്ണൂർ ജില്ലാ ഷോപ്പ് എസ്റ്റാബ്ലിഷ്മെന്റ് ആന്റ് കമേർഷ്യൽ വർക്കേഴ്സ് യൂണിയൻ (ഐ.എൻ.ടി.യു.സി) തൊഴിൽ വകുപ്പ് മന്ത്രിക്കും, സംസ്ഥാന ക്ഷേമനിധി ബോർഡ് ചെയർമാനും നിവേദനം നൽകി. നിലവിലുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടു.

പയ്യന്നൂർ ശ്രീനാരായണ വിദ്യാലയം

പയ്യന്നൂർ ശ്രീ നാരായണ വിദ്യാലയം നവീകരണത്തിന്റെ പാതയിൽ

പയ്യന്നൂർ: സാമൂഹ്യ പരിഷ്കർത്താവ് സ്വാമി ആനന്ദതീർത്ഥർ 1931 ൽ സ്ഥാപിച്ച പയ്യന്നൂരിലെ ശ്രീ നാരായണ വിദ്യാലയം കെട്ടിടം നവീകരിക്കുവാനുള്ള പദ്ധതിക്ക് ഒരുങ്ങുകയാണ് ആനന്ദതീർത്ഥ ട്രസ്റ്റും നവീകരണ കമ്മിറ്റിയും. മലബാറിലെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെയും സാമൂഹ്യ സാംസ്കാരിക നവോത്ഥാന പ്രവർത്തനങ്ങളുടെയും സിരാകേന്ദ്രമായിരുന്ന ആശ്രമം മഹാത്മ ഗാന്ധി മുതൽ അനേകം മഹദ് വ്യക്തികൾ സന്ദർശിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധിയുടെ സന്ദർശനവേളയിൽ ആശ്രമത്തിൽ നട്ട ഗാന്ധി മാവ്, ഗാന്ധിജിയുടെ ചിതാ ഭസ്മകലശം സൂക്ഷിക്കുന്ന സ്മൃതി മണ്ഡപം, സ്വാമി ആനന്ദതീർത്ഥരുടെ സമാധിമണ്ഡപം എന്നിവ കാണാനും ചരിത്രം പഠിക്കാനും അനേകം പേർ നിത്യേന ആശ്രമത്തിലെത്താറുണ്ട്. സ്വാമി ആനന്ദതീർത്ഥരുടെ സമാധിക്ക് ശേഷം അദ്ദേഹത്തിന്റെ ആശയങ്ങളുടെ സാക്ഷാത്കാരത്തിനായി സ്വാമി ആനന്ദ തീർത്ഥ ട്രസ്റ്റ് പ്രവർത്തിച്ചു വരികയാണ്. ഇപ്പോൾ അമ്പത് വിദ്യാർത്ഥികൾ ആശ്രമത്തിൽ താമസിച്ചു പഠിക്കുന്നുണ്ട്.

ആശ്രമം കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണ്. എട്ടു പതിറ്റാണ്ടിലേറെ പഴക്കമുള്ള ആശ്രമം സംരക്ഷിച്ചു നിർത്തുന്നതിനായി ട്രസ്റ്റ് നവീകരണ പ്രവർത്തനങ്ങൾ തുടങ്ങി കഴിഞ്ഞു.

പഴയ തനിമ നിലനിർത്തി കൊണ്ട് രൂപകൽപ്പനയിൽ മാറ്റം വരുത്താതെ നവീകരിക്കുന്ന പദ്ധതിക്ക് 50 ലക്ഷം രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. നവീകരണ പ്രവൃത്തിയുടെ ഭാഗമായി ആർട്ട് ഗ്യാലറി പുരാവസ്തു വകുപ്പിന്റെ സഹകരണത്തോടെ തയ്യാറാക്കുവാനും പദ്ധതിയുണ്ട്.നവീകരണ പ്രവർത്തന ഫണ്ടിലേക്കുള്ള സംഭാവനകൾ സെക്രട്ടറി സ്വാമി ആനന്ദ തീർത്ഥ ട്രസ്റ്റ്, ശ്രീ നാരായണ വിദ്യാലയം പയ്യന്നൂർ എന്ന വിലാസത്തിലോ കേരള ഗ്രാമീൺ ബാങ്ക് പയ്യന്നൂർ ശാഖയിലെ 40490100003558 (IFSC കോഡ് KLGB 0040490)എന്ന അക്കൗണ്ടിലോ അയക്കണമെന്ന് ഭാരവാഹികളായ ടി വി വസുമിത്രൻ, കെ പി ദാമോദരൻ, എ കെ പി നാരായണൻ, എൻ രാഘവൻ, കെ കൃഷ്ണൻ എന്നിവർ അറിയിച്ചു



കരുവഞ്ചാൽ വെള്ളാട് റോഡ് നിർമ്മാണം നിലച്ചതിനെതിരെ വിദ്യാർത്ഥികൾ കലക്ടർ മീർമുഹമ്മദലിക്ക് നിവേദനം നൽകി

കലക്ടർക്ക് നിവേദനം നൽകി

കരുവഞ്ചാൽ: കരുവഞ്ചാൽ വെള്ളാട് റോഡ് നിർമ്മാണം നിലച്ചതിനെതിരെ വിദ്യാർത്ഥികൾ ജില്ലാ കലക്ടർ മീർ മുഹമ്മദലിക്ക് നിവേദനം നൽകി. പതിറ്റാണ്ടുകളുടെ പഴക്കമുള്ള റോഡ് നിർമ്മാണത്തിന് നേരത്തെ തന്നെ ഫണ്ട് പാസായിരുന്നു. ചില വ്യക്തികളുടെ സ്വകാര്യ താൽപ്പര്യങ്ങൾക്കനുസരിച്ച് സ്ഥലം വിട്ടുകൊടുക്കാത്തതിനാൽ റോഡ് എന്നത് സ്വപ്നം മാത്രമായി. സ്കൂൾ വിദ്യാർത്ഥികളാണ് ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നത്. ഇതോടെയാണ് ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഒപ്പിട്ട പരാതിയുമായി രംഗത്തെത്തിയത്. ക്രിസ്റ്റി ജിൽസ്, ആൽബർട്ട് എന്നീ വിദ്യാർത്ഥികൾ നൽകിയ ഹർജിക്ക് പരിഹാരം കാണുമെന്ന് ജില്ലാ കലക്ടർ ഉറപ്പ് നൽകി. ഫണ്ട് മതിയാവാതെ വന്നാൽ കലക്ടർ അത് പരിഗണിക്കുമെന്ന ഉറപ്പിലാണ് വിദ്യാർത്ഥികൾ.

ആർട് ഓഫ് ലിവിങ് ഇന്റർനേഷണൽ ഓർഗനൈസേഷൻ വിജയ് നീലകണ്ഠനെ ആദരിക്കുന്നു

വിജയ് നീലകണ്ഠന് ആർട് ഓഫ് ലിവിങിന്റെ ആദരം

തളിപ്പറമ്പ: ആർട് ഓഫ് ലിവിങ് പ്രവർത്തനത്തോടൊപ്പം പ്രകൃതി- വന്യജീവി സംരക്ഷണരംഗത്ത് സംസ്ഥാനത്തിനകത്തും പുറത്തുമായി സേവനമനുഷ്ഠിച്ച വിജയ് നീലകണ്ഠന് ആർട് ഓഫ് ലിവിങ് ഇന്റർനേഷണൽ ഓർഗനൈസേഷന്റെ ആദരവ്. ആർട് ഓഫ് ലിവിങ് കലാസാംസ്കാരികവിഭാഗം ഡയറക്ടർ ഡോ. മണികണ്ഠൻ മേനോന്റെ നേതൃത്വത്തിൽ തളിപ്പറമ്പ ഡ്രീം പാലസിൽ നടന്ന സുമേരുസന്ധ്യ വേദിയിൽ വിജയ് നീലകണ്ഠനെ പൊന്നാടയണിയിച്ചാദരിച്ചു.

കമ്പ്യൂട്ടർ കോഴ്സിന് ചേരുന്ന മുഴുവൻ പേർക്കും കമ്പ്യൂട്ടർ സൗജന്യം

കോഴ്സിന് ചേർന്ന ഉടനെ കമ്പ്യൂട്ടർ സ്വന്തമാക്കാം....
സൗജന്യ കമ്പ്യൂട്ടർ പദ്ധതിയുമായി ഐ.ടി പാർക്ക് 9ാം ഘട്ടത്തിലേക്ക്
ഈ കേന്ദ്ര ഗവൺമെന്റ് ആനുകൂല്യം ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രം.
രജിസ്ട്രേഷൻ ഫോണിലൂടെ ചെയ്യാവുന്നതാണ്.
രജിസ്റ്റർ ചെയ്യുന്നതിന് വിളിക്കുക 9605995007.
കോഴ്സിനു ചേരുമ്പോൾ ജോലി ഉറപ്പ് നൽകുന്നു...
കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത SSLC
IT PARK Computer
Regd. By Govt. of India
Mahatma Complex, Taliparamba
Ph: 04602 204002 Mob:9605995007

കട മുറികൾ വാടകക്ക്
മോറാഴ ഹയർസെക്കണ്ടറി സ്കൂളിന് സമീപം റെഡ്റോസ് ബിൽഡിംഗിൽ ഹോട്ടൽ, ടൂവീലർ വർക്ക് ഷോപ്, ടൈലറിംഗ് എന്നിവക്ക് അനുയോജ്യമായ 3 കടമുറികൾ വാടകക്ക്.
7907499569

വീട് വാടകക്ക്
തളിപറമ്പ കുറുമാത്തൂർ ആര്യവൈദ്യശാല റോഡിൽ സർസയ്യിദ് കോളേജിന് സമീപം എല്ലാ സൗകര്യവുമുള്ള ഇരുനില വീട് വാടകക്ക്
9048040487
9591999644

വീടും സ്ഥലവും വിൽപ്പനയ്ക്ക്
കണ്ണൂർ ബക്കളം (കാനൂൽ ദാഗത്ത്) എൻ. എച്ചിൽ നിന്നും ഒരു കിലോമീറ്റർ ദൂരം. ടാർ റോഡ്. പുതുതായി നിർമ്മിച്ച 3 ബെഡ്റൂം ഇരുനില വീട് വിൽപ്പനയ്ക്ക്.
Mob: 9744345602
7907796447